## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3966**      **31.01.2014** ൽ മറുപടിയ്ക്ക്

### വ്യവസായ വികസന ഓഫീസർ തസ്തികയിലെ ഒഴിവുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വ്യവസായ വകുപ്പിൽ ഏറ്റവും താഴെ തലത്തിൽ പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്ന വ്യവസായ വികസന ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യവസായ വികസന ഓഫീസർ തസ്തികയിൽ 13 ഒഴിവുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ; | (ബി) | പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം നടത്തേണ്ടതായുള്ള ഒഴിവുകൾ ആയതിനാലാണ് ഇപ്പോൾ നികത്താതെ ഒഴിച്ചിട്ടിരിക്കുന്നത്. |
| (സി) | സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | (സി) | പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം നടത്തേണ്ടതായുള്ള ഒഴിവുകൾ ആയതിനാൽ പ്രസ്തുത ഒഴിവുകൾ തൽക്കാലം സ്ഥാനക്കയറ്റം നൽകി നികത്താൻ നിർവ്വാഹമില്ല. |
| (ഡി) | നിരവധി വ്യവസായ വികസന ഓഫീസർമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഉണ്ടായിട്ടും പരിഗണിക്കാതെ തടഞ്ഞുവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | നിയമാനുസൃതമായും മാനദണ്ഡങ്ങൾക്ക് വിധേയമായും ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നുണ്ട്. |
| (ഇ) | എങ്കിൽ, നിയമാനുസൃതമായും മാനദണ്ഡങ്ങൾക്ക് വിധേയമായും ലഭിച്ച അപേക്ഷകൾ പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ